<u>**പതിനാലാം കേരള നിയമസഭ**</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1465

31/10/2019 ൽ മറുപടിക്ക്

## <u>വില്ലേജുകളിൽ റീസർവ്വേ നടപടികൾ</u>

<u>**ചോദ്യം**</u>
**ശ്രീ.പി.ഉബൈദുള്ള**

<u>**മറുപടി**</u>
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ മൊറയൂർ, പൂക്കോട്ടൂർ, ആനക്കയം, പന്തല്ലൂർ, പുൽപ്പറ്റ, മേൽമുറി(മലപ്പുറം മുനിസിപ്പാലിറ്റി) എന്നീ വില്ലേജുകളിലെ റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | റീസർവ്വേ ചെയ്യാത്തതുമൂലം പൊതുസ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്നതിനും സ്വകാര്യ ഭൂമികളിൽ അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിനും സാധിക്കുന്നില്ലെന്ന കാര്യം ഗൗരവമായി കണക്കിലെടുക്കുമോ; | (ബി) | നിലവിൽ പൊതുസ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ തടയുന്ന വിഷയത്തിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് ഇതര വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളിലും, സ്വകാര്യ ഭൂമികളിലെ അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ലഭ്യമാകുന്ന അതിർത്തി നിർണ്ണയ അപേക്ഷകളിലും സർവ്വേ വകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി, റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | റീസർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി | നിലവിൽ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലായി 30 വില്ലേജുകളുടെ റീസർവെ ജോലികൾ സർവ്വെ വകുപ്പിൽ ലഭ്യമായ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി നടപ്പിലാക്കി വരുന്നു. റീസർവ്വെ നടപടികൾക്കുപരിയായി സ്പെഷ്യൽ സർവെ, LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും സർവ്വെ വകുപ്പിലെ ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഇക്കാരണത്താൽ റീസർവെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായിത്തീരുന്നു. എന്നാൽ 10/05/2018 ലെ സ. ഉ.(എം.എസ്) നം 181/2018/റവന്യൂ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവെ ചെയ്യുന്നതിനുള്ള അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ